**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 188** **23-08-2022 - ൽ മറുപടിയ്ക്ക്**

**മുണ്ടക്കയം കുടുംബാരോഗ്യകേന്ദ്രത്തിൽ കിടത്തി ചികിത്സ ആരംഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിലെ മുണ്ടക്കയം കുടുംബാരോഗ്യകേന്ദ്രത്തിൽ കിടത്തിചികിത്സ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (എ) | **ആർദ്രം പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ കുടുംബാരോഗ്യകേന്ദ്രമായി പരിവർത്തനം ചെയ്ത സ്ഥാപനമാണ് മുണ്ടക്കയം കുടുംബാരോഗ്യകേന്ദ്രം. പി.എസ്.സി വഴി നിയമിച്ച 2 ഡോക്ടർമാരും ഈവനിംഗ് ഒ.പി.യ്ക്കായി എൻ.എച്ച്.എം വഴി നിയമിച്ച 1 ഡോക്ടറുടെയും സേവനം ഉപയോഗിച്ച് ഈ സ്ഥാപനത്തിൽ നിലവിൽ കിടത്തി ചികിത്സ നല്കിവരുന്നുണ്ട്. 24 മണിക്കൂർ പ്രവർത്തന സജ്ജമായ ഈ സ്ഥാപനത്തിലെ average IP-20 ആണ്. കൂടാതെ ടി സ്ഥാപനത്തിന്റെ 10 കി.മി സമീപത്തായി കിടത്തി ചികിത്സ സൗകര്യമുള്ള കൂട്ടിക്കൽ സാമൂഹികാ രോഗ്യകേന്ദ്രവും, 15 കി.മീ. ചുറ്റളവിൽ കിടത്തി ചികിത്സ സൗകര്യമുള്ള എരുമേലി സാമൂഹികാരോഗ്യകേന്ദ്രവും സ്ഥിതി ചെയ്യുന്നുണ്ട്.** |
| (ബി) | ജീവനക്കാരുടെ കുറവ് പ്രസ്തുത ആരോഗ്യകേന്ദ്രത്തിന്റെ പ്രവർത്തനത്തെ ബാധിക്കുന്നതിനാൽ കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | ടി സ്ഥാപനത്തിൽ FHC സ്റ്റാൻഡേർഡ് പാറ്റേൺ പ്രകാരമുള്ള സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള ജീവനക്കാർ നിലവിലുണ്ട്. ഈ ജീവനക്കാരെ ഉപയോഗിച്ച് മെച്ചപ്പെട്ട സേവനങ്ങൾ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ